കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 27.07.2024 മുതൽ 31.07.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 30/2024 (60) വെള്ളിയാഴ്ച | തീയ്യതി 26/07/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 27.07. 2024 | 28.07.2024 | 29.07. 2024 | 30.07. 2024 | 31.07.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 18 | 12 | 20 | 10 | 13 |
| ഉയർന്ന താപനില (°C) | 29 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 90 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 83 | 80 | 80 | 75 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 10 | 8 | 8 | 9 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| - | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മഴയില്ലാത്ത സമയത്ത് മാത്രം തളിച്ചു കൊടുക്കുക |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ കാണുന്ന ഇലപൊഴിച്ചിൽ രോഗത്തിന് 1% വീര്യമുള്ള ബോർഡോ മിശ്രിതം മഴയില്ലാത്ത സമയത്ത് മാത്രം തളിച്ചു കൊടുക്കുക |
| വാഴ | മാണഅഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക.(CAADECCS, KVASU, Mannuthy).